## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.597 — 08.07.2013 ൽ മറുപടിക്ക്

## പ്രാദേശിക വികസന അതോറിറ്റികളുടെ പ്രവർത്തനം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ.കെ.എം.ഷാജി | ശ്രീ.മഞ്ഞളാം കുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്ത് രൂപീകൃതമായ പ്രാദേശിക വികസന അതോറിറ്റികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ ; | എ) വിശാല കൊച്ചി വികസന അതോറിറ്റി, തിരുവനന്തപുരം വികസന അതോറിറ്റി എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഏറ്റവും ഒടുവിൽ നടത്തിയ വിലയിരുത്തലിന്റെ വിശദ വിവരം നല്കാമോ ; | ബി)സംസ്ഥാനത്ത് പൂർണ്ണ തോതിൽ പ്രവർത്തിച്ചിരുന്ന വികസന അതോറിറ്റികളായ വിശാല കൊച്ചി വികസന അതോറിറ്റിയുടെ 2011-12 ലെ വാർഷിക ഭരണ റിപ്പോർട്ട് 19.11.12 ലെ ജി.ഒ(പി) നം.3172/2012/ തസ്വഭവ പ്രകാരവും തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2010-11 ലെ വാർഷിക ഭരണ റിപ്പോർട്ട് 03.05.12 ലെ ജി.ഒ(പി)നം. 1270/12/ തസ്വഭവ പ്രകാരവും വിലയിരുത്തിയിട്ടുണ്ട്. |
| സി) | ഇവയുടെ പ്രവർത്തന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ; | സി) ഇല്ല |
| ഡി) | നിലവിൽ എത്ര പ്രാദേശിക വികസന അതോറിറ്റികളുണ്ടെന്നും അവയിൽ ലക്ഷ്യം പൂർത്തിയാകാറായവ ഏതൊക്കെയെന്നും വിശദമാക്കുമോ ? | ഡി) സംസ്ഥാനത്ത് നിലവിൽ (6) ആറ് വികസന അതോറിറ്റികൾ ഉണ്ട്. അവയിൽ ഒന്നിന്റെയും ലക്ഷ്യം പൂർത്തിയാകാറായിട്ടില്ല. |

സെക്ഷൻ ഓഫീസർ